ഹദീസ്

കെ.പി ബഷീർ ഈരാറ്റുപേട്ട

# സമ്പദ്സമൃദ്ധിയും ശരീരസൗന്ദര്യവും

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : إِذَا نَظَرَ أَحَدُكُمْ إِلَى مَنْ فُضِّلَ عَلَيْهِ
فِي الْمَالِ وَالْخَلْقِ فَلْيَنْظُرْ إِلَى مَنْ هُوَ أَسْفَلَ مِنْهُ مِمَّنْ فُضِّلَ عَلَيْهِ

**അബൂഹുറൈറയിൽനിന്ന്. നബി(സ) പറഞ്ഞു: 'സമ്പത്തിലും ശാരീരിക ഗുണങ്ങളിലും തന്നേക്കാൾ മികവുള്ളവരെ നിങ്ങളിലാരെങ്കിലും കണ്ടാൽ, ആ രണ്ടു കാര്യങ്ങളിലും തന്നേക്കാൾ താഴെയുള്ളവരിലേക്കും അയാൾ നോക്കട്ടെ' (സ്വഹീഹുൽ ബുഖാരി).**

ഇതേ ആശയം നബി (സ) മറ്റൊരു സന്ദർഭത്തിൽ ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു: 'നിങ്ങൾ നിങ്ങളേക്കാൾ താഴെയുള്ളവരിലേക്ക് നോക്കുക. നിങ്ങളേക്കാൾ മുകളിലുള്ളവരിലേക്ക് നോക്കരുത്. അല്ലാഹു നിങ്ങൾക്ക് നൽകിയ അനുഗ്രഹത്തെ നിസ്സാരമായി തോന്നാതിരിക്കാൻ ഏറ്റവും നല്ലതാണിത്.'

വിശ്വാസികളെ വളരെയധികം ചിന്തിപ്പിക്കേണ്ട നബിവചനങ്ങളാണിത്. തന്നേക്കാൾ സമ്പത്തും പ്രൗഢിയുമുള്ളവരിലേക്ക് നോക്കുക എന്നത് മനുഷ്യസഹജമാണ്. തനിക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ വിസ്മരിക്കുമ്പോഴുണ്ടാകുന്ന ഒരു മാനസിക നിലയാണിത്. തന്റെ അയൽവാസിക്കോ സുഹൃത്തിനോ ലഭിച്ച സാമ്പത്തികമോ ശാരീരികമോ ആയ മികവുകളും അനുഗ്രഹങ്ങളും കണ്ട് കണ്ണ് മഞ്ഞളിച്ച് തനിക്ക് ലഭിച്ച അനുഗ്രഹങ്ങളൊക്കെയും മറന്നുപോവുക എന്നത് മനുഷ്യപ്രകൃതമാണ്.

ഇത്തരം സന്ദർഭങ്ങളിൽ മനുഷ്യരെ തങ്ങളുടെ യഥാർഥ നില ഗ്രഹിപ്പിക്കുന്നതിനുള്ള ഏറ്റവും നല്ല വഴിയാണ് ഈ ഹദീസിൽ പറഞ്ഞിരിക്കുന്നത്. അതായത് പണംകൊണ്ടും ശാരീരിക പ്രത്യേകതകൾകൊണ്ടും തന്നേക്കാൾ താഴെയുള്ളവരിലേക്ക് നോക്കുക. അപ്പോൾ അവരെ അപേക്ഷിച്ച് താൻ എത്രമാത്രം ഭാഗ്യവാനും അനുഗൃഹീതനുമാണെന്ന് അയാൾക്ക് ബോധ്യമാകും.

മറ്റൊരു കാര്യവും കൂടി ഇവിടെ ഓർക്കണം. ഹദീസിൽ സൂചിപ്പിച്ച സമ്പത്തും ശാരീരിക സൗന്ദര്യവുമൊന്നും ആരിലും സ്ഥിരമായി നിലനിൽക്കുകയില്ല. ഏതു നിമിഷവും അവയൊക്കെ ഇല്ലാതാവുകയോ നീങ്ങിപ്പോവുകയോ ചെയ്തേക്കാം. ചിലരൊക്കെ ഇതിന്റെ പേരിൽ അഹങ്കരിക്കാറുമുണ്ട്.

സമ്പത്തും സുസ്ഥിതിയും സ്വാധീനവുമെല്ലാം നൽകപ്പെട്ടതിന്റെ പേരിൽ അഹങ്കാരിയായിത്തീർന്ന ഒരാളുടെ കഥ *അൽകഹ്ഫ്* അധ്യായത്തിൽ അല്ലാഹു വിവരിക്കുന്നുണ്ട്:

''ഒരുനാൾ തന്റെ സ്നേഹിതനുമായി സംസാരിക്കവെ അയാൾ പറഞ്ഞു: 'ഞാൻ നിന്നേക്കാൾ സമ്പന്നനും ആൾബലമുള്ളവനുമാകുന്നു.' എന്നിട്ടവൻ തന്റെ തോട്ടത്തിലേക്ക് കടന്നുചെന്നു. തന്നോടു തന്നെ അതിക്രമം ചെയ്ത ആ മനുഷ്യൻ പറഞ്ഞുകൊണ്ടിരുന്നു: ഈ സമ്പത്ത് ഒരിക്കലും നശിച്ചുപോകുമെന്ന് ഞാൻ കരുതുന്നില്ല. എപ്പോഴെങ്കിലും അന്ത്യനാൾ വന്നണയുമെന്നും ഞാൻ പ്രതീക്ഷിക്കുന്നുമില്ല.....''

അവസാനം ആ അഹങ്കാരിയുടെ തോട്ടം അവയുടെ പന്തലുകളോടെ നിലംപതിച്ചെന്നും അതുകണ്ട് താൻ ചെലവഴിച്ചതിനെചൊല്ലി ഖേദത്താൽ അവൻ കൈമലർത്തിയെന്നും ഖുർആൻ പറയുന്നു (*അൽ കഹ്ഫ്* 34-44).

സമ്പത്തും ശാരീരിക പ്രത്യേകതകളും മറ്റും നൽകുന്നത് അല്ലാഹുവിന്റെ പരീക്ഷണമായി കരുതണം. നബി(സ) പറഞ്ഞു: 'നിശ്ചയം, എല്ലാ ഓരോ സമുദായത്തിനും പരീക്ഷണങ്ങളുണ്ട്. എന്റെ സമുദായത്തിന്റെ പരീക്ഷണം സമ്പത്താണ്. അല്ലാഹുവാണ, നിങ്ങളെ സംബന്ധിച്ച് ദാരിദ്ര്യത്തെയല്ല ഞാൻ ഭയപ്പെടുന്നത്. നിങ്ങളുടെ മുൻഗാമികൾക്കുണ്ടായതുപോലെയുള്ള സമ്പദ്സമൃദ്ധി ഉണ്ടാകുന്നതാണ് ഞാൻ ഭയപ്പെടുന്നത്. അങ്ങനെ അവർ മത്സരിച്ചതുപോലെ നിങ്ങളും പരസ്പരം മത്സരിക്കും. അവർ നശിച്ചതുപോലെ നിങ്ങളും നശിക്കും.'

സ്വഹാബി പ്രമുഖൻ മിസ്അബ് (റ) സമൃദ്ധിയുടെ നിറവിലാണ് ജനിച്ചതും വളർന്നതും. പ്രഭാതത്തിൽ ധരിക്കുന്ന വസ്ത്രം വൈകുന്നേരം മാറ്റി ഉടുത്തിരിക്കും. ഒരു ഭക്ഷണത്തളിക എടുത്ത് മാറുമ്പോഴേക്ക് മറ്റൊരു ഭക്ഷണത്തളികയുമായി ഭൃത്യർ ഓടിവരും. എന്നാൽ പ്രവാചകന്റെ വിളിക്ക് ഉത്തരം നൽകാൻ ഈ സമൃദ്ധി തടസ്സമായിരുന്നില്ല. എല്ലാം തട്ടിമാറ്റി പരുക്കൻ പ്രതലങ്ങളിലേക്ക് അദ്ദേഹം ഇറങ്ങിനടന്നു. ഒരുകാലത്ത് മക്കയിലെ ഏറ്റവും സുന്ദരനും ആരോഗ്യവാനും സമ്പന്നനുമായിരുന്ന ആ ചെറുപ്പക്കാരൻ ഒടുവിൽ ശരീരം പൂർണമായി മറയ്ക്കാൻ നീളമുള്ള കഫൻ തുണി പോലുമില്ലാതെയാണ് ഈ ലോകത്തോട് യാത്ര പറഞ്ഞത്.

വിശ്വാസിയുടെ ജീവിതത്തിൽ സമ്പദ്സമൃദ്ധിക്കും ശരീരസൗന്ദര്യത്തിനുമുള്ള വില എത്രയെന്ന് മിസ്അബിന്റെ ഐതിഹാസിക ജീവിതം നമുക്ക് പഠിപ്പിച്ചു തരുന്നുണ്ട്. ●